# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 19-06-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 3258

## തുറമുഖ വികസന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സണ്ണി ജോസഫ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തിക മാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;<br><br>(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങൾ വികസിപ്പിക്കുന്ന പദ്ധതിയിൽ ഇതിനകം നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (എ) യും (ബി) യും സംസ്ഥാനത്ത് തീരദേശകപ്പൽ ഗതാഗത പദ്ധതി പ്രകാരം കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ , വെയിംഗ് മെഷീൻ , ട്രക്ക് മൗണ്ടഡ് ക്രെയിൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി 20 കോടി രൂപ മുതൽ മുടക്കിൽ കൊല്ലം തുറമുഖത്ത് 100 മീറ്റർ വാർഫിന്റെ പണി പൂർത്തിയായി വരുന്നു. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വാർഫിന്റെ ബാക്കിഭാഗം നിർമ്മിക്കുന്നതിന് സാങ്കേതിക പഠനത്തിന് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 200 മീറ്റർ വാർഫിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് വിശദമായ പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് തീരദേശകപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കണ്ടെയ്നർ ഹാൻഡ്ലിംഗ് ആരംഭിച്ചിട്ടുണ്ട്. ചെറുകിട തുറമുഖങ്ങളുടെ ആഴം വർധിപ്പിക്കുന്നതിന് സാമ്പത്തിക / സാങ്കേതിക സാദ്ധ്യതാപഠനം നടത്തുന്നതിന് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം മുതൽ കേരളത്തിലെ ചെറുകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്കുള്ള ഇൻസെന്റീവ് മെട്രിക് ടണ്ണിന് 3 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖം സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് 496 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർ പ്രവർത്തനങ്ങൾക്ക് കൺസൾട്ടന്റിനെ നിയമിക്കു കയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അഴീക്കൽ തുറമുഖ വികസനത്തിന് കിഫ്ബിയിൽ നിന്നും ഇതിനകം എന്ത് തുക അനുവദിച്ചു; അതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | അഴീക്കൽ തുറമുഖം സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബീയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് 496 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർ പ്രവർത്തനങ്ങൾക്ക് അഴീക്കൽ പോർട്ട് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിക്കുകയും വിശദമായ പദ്ധതിരേഖ തയ്യാറാക്കൽ, environment study എന്നിവയ്ക്കായി ടെക്നിക്കൽ കൺസൾട്ടന്റിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ ? | (ഡി) | ആലപ്പുഴ മറീനയുടെ നിർമ്മാണത്തിനുള്ള പാരിസ്ഥിതിക പഠനം നടന്നുവരുന്നു. കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പബ്ലിക് ഹിയറിംഗ് ആലപ്പുഴ കളക്ടറുടെ സാന്നിദ്ധ്യത്തിൽ പൂർത്തീകരിച്ചു കഴിഞ്ഞു. CRZ -ന്റെയും, SEIAA-യുടേയും അംഗീകാരം ലഭ്യമാക്കാനുള്ള നടപടികൾ കൺസൾട്ടന്റായ മെസേഴ്സ് . കിറ്റ്കോ മുഖാന്തിരം നടപ്പിലാക്കിവരുന്നു. |

**സെക്ഷൻ ഓഫീസർ**